marggam
Digital Library of Christianity in India
www.marggam.com

# മരിച്ചവരുടെ ഓർമ്മ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# മരിച്ചവരുടെ ഓർമ്മ

By

**Fr. Abel C.M.I.**

All rights reserved to Fr. Provincial C.M.I.,
Kottayam

വില 17 രൂപ

www.TheCMSIndia.org
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

Imprimatur:

**✝Joseph Cardinal Parecatil**
Archbishop of Ernakulam

Archbishop's House
1st Aug. 1975

Copyright reserved only Fr. Provincial, C.M.I. Kottayam, C.M.I. Provincial House, Kottayam - 1

Distributors : Deepika Book House, Kottayam

Printed at : Deepika Offset Printers, Kottayam

Copies : 5000

Copies available at
1) Deepika Book House, Kottayam - 1
2) Saji, Cmose Publications, Ernakulam



Unauthorised Duplication is a violation of applicable laws

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# മരിച്ചവരുടെ ഓർമ്മ

## സായാഹ്ന പ്രാർത്ഥന

(റംശ)

കർമ്മി: പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

സമൂ: ആമ്മേൻ.

കർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂ: ആമ്മേൻ

കർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

സമൂ: ആമ്മേൻ.

കർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവുംകൂടി) അങ്ങയുടെ നാമം പൂജിതമാകണമേ: അങ്ങയുടെ രാജ്യം വരണമേ: അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ, അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നൽകണമേ: ഞങ്ങളോടു തെറ്റുചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ: തിന്മയിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: മനുഷ്യവർഗ്ഗത്തിൻെറ സ്രഷ്ടാവും പരിപാലകനുമായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കയും ആരാധിക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അങ്ങുന്ന് ആകാശത്തിൻെറയും ഭൂമിയുടെയും രാജാവാകുന്നു. ജീവൻെറയും മരണത്തിൻെറയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## സങ്കീർത്തനം (88)

ശുശ്രൂഷി: എൻെറ രക്ഷകനായ ദൈവമേ, രാവും പകലും ഞാൻ അങ്ങയോടു പ്രാർത്ഥിക്കുന്നു.

സമൂഹം രണ്ടുഗണമായി തുടരുന്നു.

എൻെറ രക്ഷകനായ........

എൻെറ പ്രാർത്ഥന അങ്ങേ പക്കലെത്തട്ടെ:
എൻെറ അപേക്ഷ ചെവിക്കൊള്ളണമേ.

എൻെറ ആത്മാവു ദുരിതങ്ങളിൽ മുഴുകിയിരിക്കുന്നു:
മരണത്തോടു ഞാൻ അടുത്തുകഴിഞ്ഞു.

ഞാൻ നിസ്സഹായനായിത്തീർന്നു:
കുഴിമാടങ്ങളിൽ ശയിക്കുന്നവരുടെ കൂട്ടത്തിൽ

ഞാൻ എണ്ണപ്പെടുകയും ചെയ്തു.
അങ്ങേ കനത്ത കോപത്തിനു ഞാൻ ഇരയായി:

അങ്ങേ കൊടുങ്കാറ്റ് എനിക്കെതിരായി വീശി.
അങ്ങുന്ന് എൻെറ പരിചിതരെ അകറ്റിക്കളഞ്ഞു:

അവരുടെ മുമ്പിൽ ഞാൻ നിന്ദ്യനായിത്തീർന്നു.
ഞാൻ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു:



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

പുറത്തുവരുവാൻ എനിക്ക് നിവൃത്തിയില്ല:
ക്ഷീണംകൊണ്ട് എൻെറ കണ്ണുകൾ മങ്ങി.

എല്ലാദിവസവും ഞാൻ അങ്ങയോടു പ്രാർത്ഥിച്ചു:
അങ്ങേ പക്കലേയ്ക്കു ഞാൻ കൈകളുയർത്തി.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: നീ ഞങ്ങൾക്കു ചെയ്തിട്ടുള്ളതും, എന്നാൽ കൃതജ്ഞത പ്രദർശിപ്പിക്കാൻ കഴിയാത്തതുമായ നിൻെറ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കു ആയി സകല സൗഭാഗ്യങ്ങളും സഹായങ്ങളും നിറഞ്ഞു മുടിചൂടി നിൽക്കുന്ന നിൻെറ സഭയിൽ നിന്നെ ഞങ്ങൾ സ്തുതിക്കുകയും ഇടവിടാതെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നീ സകലത്തിൻെറയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

കർമ്മി: സകലത്തിൻെറയും നാഥാ, (സമൂഹവും കൂടി) നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ഞങ്ങളുടെ ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. എല്ലാ സമയവും നിന്നെ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

സ്തുതിക്കുവാനും ആരാധിക്കുവാനും പുകഴ്ത്തുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

സമൂ: ആമ്മേൻ.

## ഗാനം

(ഓനീസാദ്ക്ക്ദം)

(ക്ലാവാറമ്പാ......)

''അഗാധത്തിൽനിന്നു ഞാൻ അങ്ങയെ വിളിക്കുന്നു.''

മിശിഹാനാഥൻ മഹിമയൊടേ
വിധികർത്താവായണയുമ്പോൾ
ആരുസഹായമെനിക്കരുളും?
ദൂരത്തെൻ പ്രിയസോദരരും
ബന്ധുജനങ്ങളുമാകുലരായ്
സഹതാപത്തൊടുജാതഭയം
നിൽക്കും നീരണിമിഴികളുമായ്:
ചുരുളുനിവർത്തെൻ പാപങ്ങൾ
പരിഗണനയ്ക്കു നിരത്തരുതേ;
കരുണാനിധിയാം കർത്താവേ,
ദിവ്യാനുഗ്രഹമേകണമേ.

''എൻെറ പ്രാർത്ഥന ചെവിക്കൊള്ളണമേ''.

മിശിഹാനാഥൻ....

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

കന്യാമേരി, ദൈവത്തിൻ
മാതാവേ, നിൻസുതനൊടുനീ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്:

കദനം തിങ്ങിയ കാലങ്ങൾ
നീക്കിയനുഗ്രഹമേകണമേ;

margam
Digital Library of Christianity in India
www.marggam.com

ശാന്തിക്കതിരിൻ പുലർകാലം
കനിവായ്ച്ചാർത്തിയൊരുക്കണമേ:

നിൻതിരുസുതനുടെ വെളിപാടിൻ
കാന്തി കലർന്നൊരു- സുദിനത്തിൽ
മഞ്ജുളമാം തിരുമണവറയിൽ
ശാശ്വതമഭയം നൽകണമേ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേ അനന്തമായ കരുണയും നിരന്തരമായ സംരക്ഷണയുമോർത്തു ഞങ്ങൾ അങ്ങയെ ആരാധിക്കയും പുകഴ്ത്തുകയും ചെയ്യുന്നു. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## സായാഹ്നയാമകീർത്തനങ്ങൾ

(മറിയാ ക്രേസാക്)

ശുശ്രൂ: (സ. 140)
കർത്താവേ ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു:
എനിക്കുത്തരമരുളണമേ.

(സമൂഹം രണ്ടു ഗണമായി തുടരുന്നു.)



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

കർത്താവേ, ഞാൻ അങ്ങയെ.......

എൻെറ പ്രാർത്ഥന സ്വീകരിക്കണമേ:
പരിമളധൂപം പോലെ
അത് അങ്ങേ പക്കലേയ്ക്കുയരട്ടെ.

കർത്താവേ, എൻെറ ഈ പ്രാർത്ഥന
എൻെറ സായാഹ്നബലിയായി സ്വീകരിക്കണമേ.
എൻെറ നാവിനും അധരങ്ങൾക്കും
അങ്ങുന്നു കാവൽ നിറുത്തണമേ.

ദുഷ്പ്രവൃത്തികൾ ചെയ്യുവാനും
ദുഷ്ടന്മാരോടു സഹവസിക്കുവാനും
അങ്ങുന്ന് എന്നെ അനുവദിക്കരുതേ.

നീതിമാനായ മനുഷ്യൻ
എന്നെ പഠിപ്പിക്കയോ ശാസിക്കയോ ചെയ്യട്ടെ.

ദുഷ്ടന്മാരുടെ തൈലംകൊണ്ട്
എൻെറ ശിരസ്സു പൂശുവാൻ അനുവദിക്കരുതേ.

എൻെറ പ്രാർത്ഥന എപ്പോഴും
അവരുടെ പ്രവൃത്തികൾക്കെതിരാകുന്നു.

അവരുടെ വിധികർത്താക്കൾ
കനത്ത കൈകളാൽ തടയപ്പെട്ടു.

എൻെറ വാക്കുകൾ സ്നേഹമസൃണമായിരുന്നെന്ന്
അപ്പോൾ അവർക്കു മനസ്സിലായി.

(141) ഉച്ചത്തിൽ ഞാൻ കർത്താവിനെ വിളിക്കുന്നു:
ഉച്ചത്തിൽ ഞാൻ കേണപേക്ഷിക്കുന്നു.

എൻെറ ഹൃദയം നീറുമ്പോൾ
എൻെറ സങ്കടങ്ങളും പീഡകളും



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

ഞാൻ അവിടത്തെ അറിയിക്കും.

എൻെറ വഴികളെല്ലാം

അങ്ങുന്ന് അറിയുന്നുവല്ലോ.

ഞാൻ സഞ്ചരിക്കുന്ന വഴികളിൽ

അവരെനിക്കു കെണികൾവച്ചു

ഞാൻ വലത്തേയ്ക്കു തിരിഞ്ഞുനോക്കി:

എന്നെ അറിയുന്നവരാരുമില്ല.

ഓടിയൊളിക്കുവാൻ എനിക്കിടമില്ല:

എന്നെ രക്ഷിക്കുവാൻ ആളുമില്ല.

കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു:

അങ്ങ് എൻെറ അഭയമാണല്ലോ.

(116) ജനപദങ്ങളേ കർത്താവിനെ സ്തുതിക്കുവിൻ:

ഭൂവാസികളെ കർത്താവിനെ പുകഴ്ത്തുവിൻ.

അവിടത്തെ സ്നേഹം അനന്തമാകുന്നു:

തൻെറ വാഗ്ദാനം അവിടുന്നു പാലിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: കർത്താവേ അങ്ങേ ദാസരായ ഞങ്ങളുടെ പ്രാർത്ഥന കേൾക്കുകയും, പാപികളായ ഞങ്ങളെ അനുഗ്രഹിക്കയും ചെയ്യണമേ. എന്തെന്നാൽ അങ്ങു ഞങ്ങളുടെ ശരീരത്തിന് ഉത്ഥാനവും ആത്മാവിനു പ്രകാശവും നൽകുന്നു. ജീവൻെറയും മരണത്തിൻെറയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

ഗാനം

(ഓനീസാ ദ്വാസർ)

(ഹന്താനവ്ശേ..... അംകൊലഹോൻ....)

''അവയെല്ലാം നശ്വരങ്ങളാകുന്നു''.

ലോകവുമതിനുടെയാശകളും
നിശ്ശൂന്യതയിൽത്താഴുന്നു:
സത്യം, നീതിയുമെന്നെന്നും
ലയമില്ലാതെ വിളങ്ങീടും:
നിലനിൽക്കുന്നു സകലേശൻ
നൽകുന്നൊരു നിത്യായുസ്സും

''ദൈവമേ. ഞങ്ങൾ തെളിവായിക്കേട്ടു''

''നിന്നുടെ നീതിവിശുദ്ധന്മാർ-
ക്കാനന്ദത്തിൻ പൂന്തേനും
ദുഷ്ടജനത്തിനു പീഡകളും
നൽകി'' ഞങ്ങളിതറിയുന്നു:
നാഥാ, ഞങ്ങളുടെ മൃതരെല്ലാം
നുകരാവൂ നിൻകൃപയെന്നും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

നൃപനാം മിശിഹാകർത്താവേ,
വാഴ്ത്തിപ്പാടി നമിക്കുന്നേൻ:
വിശ്വത്തിൻെറ വിധാതാവേ,
നൽകണമേ പുനരുത്ഥാനം:
പരിശുദ്ധന്മാർ വാഴുമിടം
ചേർക്കണമെന്നെയുമഖിലേശാ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

## കാറോസൂസ

ശുശ്രൂ: നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടെനിന്നു കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ എന്ന് അപേക്ഷിക്കാം.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: ക്രിസ്തീയസഭകളുടെ ഐക്യത്തിനും അഭിവൃദ്ധിക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: ലോകരാഷ്ട്രങ്ങളുടെ സമാധാനത്തിനും സുസ്ഥിതിക്കും സഹവർത്തിത്വത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: ഞങ്ങളുടെ നാടിനെയും നഗരത്തെയും, പ്രത്യേകമായി ഞങ്ങളുടെ സമൂഹത്തെയും പരിപാലിച്ചനുഗ്രഹിക്കുകയും, അപകടങ്ങളിൽനിന്ന് രക്ഷിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: പ്രത്യേകമായി തിരുസ്സഭയുടെ അധിപനായ മാർ...... പാപ്പായ്ക്കുവേണ്ടിയും ഞങ്ങളുടെ പിതാവു് മാർ..... മെത്രാപ്പോലിത്തായ്ക്കു (മെത്രാനു) വേണ്ടിയും അവരുടെ സഹപ്രവർത്തകർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: നിർമ്മലഹൃദയത്തോടും പരിശുദ്ധ മനസ്സാക്ഷിയോടും കൂടെ അങ്ങയെ ശുശ്രൂഷിക്കുവാനുള്ള അനുഗ്രഹം അങ്ങേ വൈദികർക്കും ശെമ്മാശന്മാർക്കും മറ്റു വിശ്വാസികൾക്കും പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

ശുശ്രൂ: ഞങ്ങളുടെ മാതാപിതാക്കന്മാർ, സഹോദരി സഹോദരന്മാർ, ബന്ധുമിത്രങ്ങൾ ആദിയായവർക്കുവേണ്ടിയും, മരിച്ചുപോയ സകല വിശ്വാസികൾക്കുവേണ്ടിയും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: രോഗികൾക്കു സുഖവും ആസന്നമരണർക്കു സമാധാനവും നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: അനാഥരെയും ദരിദ്രരെയും സംരക്ഷിക്കണമെന്നും, ആത്മീയമോ ശാരീരകമോ ആയ പീഡകൾ സഹിക്കുന്നവരെ ആശ്വസിപ്പിക്കണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: നമ്മെ ഓരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ: ആമ്മേൻ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: കർത്താവേ, ബലവാനായ ദൈവമേ ഞങ്ങളുടെ ആത്മാവിനെയും ശരീരത്തെയും ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ പൊറുത്തു ഞങ്ങളെ അനുഗ്രഹിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

ശുശ്രൂ: നമുക്കു സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം.

സമൂ: സർവ്വേശാ, നീ പരിശുദ്ധൻ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ബലവാനേ, നീ പരിശുദ്ധൻ
നിത്യനമർത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: വിശുദ്ധരിൽ വസിക്കുന്ന ദൈവമേ, അവരിൽ സംപ്രീതനായിരിക്കുന്ന കർത്താവേ, കാരുണ്യപൂർവ്വം ഞങ്ങളെ കടാക്ഷിക്കയും, ഞങ്ങളുടെ പാപങ്ങളെല്ലാം പൊറുത്തു ഞങ്ങളെ അനുഗ്രഹിക്കയും ചെയ്യണമേ. ജീവൻെറയും മരണത്തിൻെറയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## അനുസ്മരണഗാനം

(ഓനീസ ദ്റംശ)

(ഏറാമർമാക്.. മൽക്കാമിശിഹാ....)

''അവർ ആനന്ദകീർത്തനങ്ങൾ പാടും''

മൃതരാംനരരുടെ പാപങ്ങൾ
മായ്ക്കണമേ, നിൻ കൃപയാലേ
മാമ്മോദീസാ വഴിയങ്ങേ
സുതരാണവരെന്നോർക്കണമേ.

''അവൻെറ സന്തോഷത്തിൽ അവർ ആനന്ദിക്കും''.

കർത്താവേ, നിൻശോണിതവും
ദിവ്യശരീരവുമറിവോടേ
ഉൾക്കൊണ്ടവരാം നിൻസുതരെ
നിത്യവിരുന്നിൽച്ചേർക്കണമേ

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

marggam
Digital Library of Christianity in India
www.marggam.com

അദ്ധ്വാനത്തിനു സമ്മാനം
നേടാൻ നാഥാ, മൃതരെല്ലാം
നിന്നുടെ യാഗമദിനവും കാ-
ത്തക്ഷമരായിക്കഴിയുന്നു.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ദൈവത്തിൻ തിരുമാതാവേ,
കന്യാമേരീ, ഞങ്ങൾക്കായ്
പ്രാർത്ഥിക്കണമേ സുതനോടുനീ
ദൈവാനുഗ്രഹമെന്നെന്നും.

## വേദപുസ്തകവായന

(കെറിയാന)

യുദ്ധത്തിൽ മരണമടഞ്ഞ മക്ക്ബായക്കാരെ സംസ്ക്കരിച്ചശേഷം. അവർക്കുവേണ്ടി ബലിയർപ്പിക്കുവാൻ അവരുടെ നേതാവായ യൂദാസ് മക്ബായൻ കുറെ പണം പിരിച്ചു ജെറുസലത്തേയ്ക്കു അയച്ചുകൊടുത്ത ചരിത്രം മക്കബായക്കാരുടെ രണ്ടാം പുസ്തകത്തിൽ (12:39-46) രേഖപ്പെടുത്തിയിട്ടുണ്ട്. ആ സംഭവമാണ് ഇവിടെ വായിക്കാൻ പോകുന്നത്.

ശുശ്രൂ: മക്ക്ബായക്കാരുടെ പുസ്തകത്തിൽ നിന്നുള്ള വായന:-

യുദ്ധത്തിൽ മരിച്ചവരുടെ ശരീരങ്ങളെടുത്ത്, അവരുടെ ചാർച്ചക്കാരെ അടക്കിയിരുന്ന കല്ലറകളിൽതന്നെ സംസ്ക്കരിക്കുവാൻ വേണ്ടി പിറ്റേദിവസം അവർ യൂദാസിൻെറ പക്കലേയ്ക്കു ചെന്നു. എന്നാൽ വധിക്കപ്പെട്ടവരുടെ വസ്ത്രങ്ങൾക്കുള്ളിൽ ജമനിയായിലെ വിഗ്രഹങ്ങൾക്ക് അർപ്പിക്കപ്പെട്ട ബലിവസ്തുക്കൾ അവർ കണ്ടെത്തി. അങ്ങനെയുള്ള വസ്തുക്കൾ സൂക്ഷിക്കുക യഹൂദ നിയമപ്രകാരം കുറ്റകരമായിരുന്നു. അങ്ങനെ ഒരു കുറ്റം ചെയ്തതുകൊണ്ടാണ് അവർ വധിക്കപ്പെട്ടതെന്ന് അപ്പോൾ അവർക്ക് മനസ്സിലായി. നിഗൂഢകാര്യങ്ങൾ വെളിപ്പെടുത്തുന്ന നീതിമാനായ കർത്താവിനെ അവരെല്ലാവരും സ്തുതിച്ചു. അനന്തരം യുദ്ധത്തിൽ മരിച്ചവരുടെ പാപങ്ങൾക്ക് പൊറുതി കൊടുക്കണമേ എന്ന് അവർ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

ദൈവത്തോടു പ്രാർത്ഥിച്ചു. പിന്നീട് യുദ്ധവീരനായ യൂദാസ് ഉപദേശരൂപത്തിൽ അവരോട് ഇങ്ങനെ പറഞ്ഞു: "ഇവരുടെ പാപംമൂലം എന്താണു സംഭവിച്ചതെന്നു നിങ്ങൾതന്നെ നേരിട്ടു കണ്ടുകഴിഞ്ഞു. അതിനാൽ പാപം ചെയ്യാതിരിക്കുവാൻ ശ്രദ്ധിച്ചുകൊള്ളുവിൻ.

അതിനുശേഷം ദൈവം ഒരു പണപ്പിരിവുനടത്തി. പന്തീരായിരം ദ്രാക്മാ പിരിഞ്ഞുകിട്ടി. മരിച്ചവരുടെ പാപങ്ങൾക്കുവേണ്ടി പരിഹാരബലിയർപ്പിക്കുവാൻ ആ സംഖ്യ അദ്ദേഹം ജെറുസലത്തേയ്ക്കു അയച്ചുകൊടുത്തു. അതു ശ്ലാഘനീയമായ ഒരു മഹൽകൃത്യമായിരുന്നു. ഉത്ഥാനത്തിലുള്ള പ്രതീക്ഷയാണ് അത് ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. മരിച്ചവർ വീണ്ടും ഉയിർക്കുമെന്നു പ്രതീക്ഷയില്ലായിരുന്നുവെങ്കിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു വ്യർത്ഥവും നിഷ്ഫലവുമായി അദ്ദേഹം കരുതുമായിരുന്നു.

സമൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## സങ്കീർത്തനം (102)

(ശൂറായ)

ശുശ്രൂ: പൂർവ്വകാലത്ത് അങ്ങുന്നു ഭൂമിയെ സൃഷ്ടിച്ചു: ആകാശവും അങ്ങേ സൃഷ്ടിയാകുന്നു.

സമൂഹം രണ്ടു ഗണമായി തുടരുന്നു.

പൂർവ്വകാലത്ത്.......

അവയെല്ലാം കടന്നുപോകുന്നു:
അങ്ങുമാത്രം നിലനിൽക്കുന്നു.

വസ്ത്രം പോലെ അവ പഴകിപ്പോകും:
മേലങ്കിപോലെ ഊരിമാറ്റപ്പെടും.

എന്നാൽ അങ്ങേയ്ക്കൊരിക്കലും മാറ്റമില്ല:
അങ്ങേ വത്സരങ്ങൾക്ക് അന്ത്യവുമില്ല.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: ജീവിതകാലത്തു ഞങ്ങളുടെ ആലംബവും മരണശേഷം ഞങ്ങളുടെ ആനന്ദവുമായ മിശിഹായേ, അങ്ങുന്ന് ആകാശത്തിലും ഭൂമിയിലും ആരാധ്യനാകുന്നു. മരിച്ച വിശ്വാസികളുടെ ആത്മാവുകൾക്കു നിത്യഭാഗ്യം കൽപിച്ചരുളണമേ. ജീവന്റെയും മരണത്തിന്റെയും നാഥാ എന്നേയ്ക്കും.

സമൂ: ആമ്മേൻ.

## പ്രാർത്ഥനാഗീതം

(മദ്‌രാശ)

സമൂഹം രണ്ടുഗണമായി പാടുന്നു.

(ലാ തെക്റേ ലാക്...)

ഉന്നത നൃപനാം മിശിഹാനാഥാ, മൃതരെല്ലാരും
മിന്നിവിളങ്ങും വദനമൊടുണരാൻ വരമരുളേണം

ഉന്നത....

വിധിയുടെ നാളിൽ വിജയപ്രഭയിൽ വിണ്ടലമെങ്ങും
പൊങ്ങിമുഴങ്ങും കാഹളനാദം പൂജിതമല്ലോ....

ഉന്നത...

അന്ത്യമെഴാത്തോരവികലമോദം നുകരാൻ മൃതരേ
ചേർക്കണമഴകിൻ മഹിമാവൊഴുകും മണവറയിങ്കൽ

ഉന്നത...

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, പ്രശാന്തമായ സായംകാലവും, ആശ്വാസപ്രദമായ രാത്രിയും, പ്രതീക്ഷാ നിർഭരമായ

marggam
Digital Library of Christianity in India
www.marggam.com

പ്രഭാതവും സൽപ്രവൃത്തികൾ നിറഞ്ഞ ദിവസവും നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ജീവിതകാലം മുഴുവനും അങ്ങയെ പ്രസാദിപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമേ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## സമാപനപ്രാർത്ഥന

(ഹൂത്താമ്മ)

ഞങ്ങളുടെ കർത്താവായ ദൈവമേ, ആകാശഗോളങ്ങൾ ഇരുണ്ടു ലോകമെല്ലാം നശിക്കയും മാലാഖാമാരുടെ കാഹളം ചക്രവാളത്തിൽ മാറ്റൊലിക്കൊള്ളുകയും, നിത്യന്യായാധിപനായ മിശിഹാ ലോകത്തെ വിധിക്കുവാൻ പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന അവസാന ദിവസത്തിൽ അങ്ങേയ്ക്കു പ്രീയപ്പെട്ട വിശുദ്ധരോടുകൂടി സ്വർഗ്ഗഭാഗ്യത്തിന് അർഹരായി തിരുവാൻ ഞങ്ങളെയും സകലമരിച്ചവരെയും അനുഗ്രഹിക്കണമേ, ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

സമൂ: ആമ്മേൻ.

## സന്ധ്യാപ്രാർത്ഥന

(ലെലിയ)

കർമ്മി: പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

സമൂ: ആമ്മേൻ.

കർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂ: ആമ്മേൻ.

കർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margGam
Digital Library of Christianity in India
www.marggam.com

സമൂ: ആമ്മേൻ.

കർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവുംകൂടി) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നൽകണമേ. ഞങ്ങളോടു തെറ്റുചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു ആമ്മേൻ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: മരിച്ചവരെ ഉയിർപ്പിക്കുന്നവനും, ജീവിക്കുന്നവരെ രൂപാന്തരപ്പെടുത്തുന്നവനും, പാപികളെ അനുഗ്രഹിക്കുന്നവനുമായ കർത്താവേ, അങ്ങേ മഹനീയമായ ത്രിത്വത്തെ ഞങ്ങൾ ആരാധിക്കയും സ്തുതിക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അങ്ങ് ആകാശത്തിൻെറയും ഭൂമിയുടെയും രാജാവാകുന്നു. ജീവൻെറയും മരണത്തിൻെറയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## സങ്കീർത്തനങ്ങൾ

(മർമീസ)

ശുശ്രൂ: (സ.6)

കർത്താവേ, കോപത്തോടെ എന്നെ ശകാരിക്കരുതേ:
കോപത്തോടെ എന്നെ ശിക്ഷിക്കരുതേ:
എന്തെന്നാൽ ഞാൻ ദുർബലനാകുന്നു.

സമൂഹം രണ്ടുഗണമായി തുടരുന്നു.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

കർത്താവേ....

കർത്താവേ എന്നെ സുഖപ്പെടുത്തണമേ:
എന്തെന്നാൽ എൻെറ ശരീരം വേദനിക്കുന്നു:
എൻെറ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു.

കർത്താവേ. അങ്ങുന്ന് എത്രത്തോളം വൈകും?
എൻെറ ആത്മാവിനെ രക്ഷിക്കണമേ:
കാരുണ്യപൂർവ്വം എന്നെ കടാക്ഷിക്കണമേ.
(51) ദൈവമേ. എന്നോടു കരുണ തോന്നണമേ:
ദയാപൂർവ്വം എൻെറ പാപങ്ങൾ മായിക്കണമേ.

എൻെറ അപരാധങ്ങൾ കഴുകിക്കളയുകയും
തെറ്റുകൾ തുടച്ചുമാറ്റുകയും ചെയ്യണമേ.

എന്തെന്നാൽ എൻെറ പാപങ്ങൾ ഞാനറിയുന്നു:
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

അങ്ങേയ്ക്കെതിരായി ഞാൻ പാപംചെയ്തുപോയി:
അങ്ങേ സന്നിധിയിൽ ഞാൻ തിന്മ പ്രവർത്തിച്ചു.

എൻെറ പാപങ്ങളിൽനിന്നു മുഖം തിരിക്കണമേ:
എൻെറ അപരാധങ്ങൾ മായിച്ചുകളയണമേ.

നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ:
എൻെറ മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ.

അങ്ങേ തിരുസന്നിധിയിൽനിന്ന്
എന്നെ ഒരിക്കലും തള്ളിക്കളയരുതേ.

അങ്ങേ പരിശുദ്ധാത്മാവിനെ
എന്നിൽനിന്ന് എടുത്തുകളയരുതേ.

(88) എൻെറ രക്ഷകനായ ദൈവമേ,



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

രാവും പകലും ഞാനങ്ങയോടു പ്രാർത്ഥിക്കുന്നു.
എൻെറ പ്രാർത്ഥന അങ്ങയുടെ പക്കലെത്തട്ടെ:
എൻെറ അപേക്ഷ ചെവിക്കൊള്ളണമേ.

ഞാൻ കാരാഗ്രഹത്തിലടയ്ക്കപ്പെട്ടു:
പുറത്തുവരുവാൻ എനിക്ക് നിവൃത്തിയില്ല:
ക്ഷീണംകൊണ്ട് എൻെറ കണ്ണുകൾ മങ്ങി.

എല്ലാ ദിവസവും ഞാൻ അങ്ങയോടു പ്രാർത്ഥിച്ചു
അങ്ങേ പക്കലേയ്ക്കു ഞാൻ കൈകളുയർത്തി.

എന്നിൽനിന്നു മുഖം തിരിക്കയോ
എന്നെ മറന്നുകളയുകയോ ചെയ്യരുതേ.

(103) എൻെറ ആത്മാവേ, കർത്താവിനെ സ്തുതിക്കുക
അവിടത്തെ തിരുനാമം പ്രകീർത്തിക്കുക.

എൻെറ ആത്മാവേ, കർത്താവിനെ വാഴ്ത്തുക:
അവിടത്തെ അനുഗ്രഹങ്ങൾ മറക്കരുത്.

നിൻെറ പാപങ്ങൾ അവിടന്നു പൊറുക്കുന്നു:
നിൻെറ രോഗങ്ങൾ സുഖമാക്കുന്നു.

നാശത്തിൽനിന്ന് അവിടുന്ന് നിന്നെ രക്ഷിക്കും:
കാരുണ്യപൂർവ്വം നിന്നെ പരിപാലിക്കും.

കർത്താവ് ഏറ്റവും ദയാലുവാകുന്നു.
ഉദാരശീലനും ദാക്ഷിണ്യവാനുമാകുന്നു.

നിത്യമായി അവിടുന്നു കോപിക്കയില്ല:
അവിടത്തെ കോപം നീണ്ടുനിൽക്കുകയുമില്ല.

അവിടന്ന് പാപത്തിൻെറ ഗൗരവം നോക്കുന്നില്ല:
അതിൻെറ വലുപ്പമനുസരിച്ചു ശിക്ഷിക്കുന്നുമില്ല.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

ആകാശത്തോളം ഉയർന്ന കാരുണ്യം
അവിടന്നു തൻെറ ഭക്തരോടു പ്രദർശിപ്പിച്ചു.

ഉദയത്തെ അസ്തമയത്തിൽനിന്ന് എന്നപോലെ
പാപത്തെ നമ്മിൽനിന്നകറ്റി.

പിതാവു മക്കളോടെന്നപോലെ
കർത്താവു തൻെറ ഭക്തരോടു കാരുണ്യം കാണിക്കുന്നു.

നമ്മൾ കേവലം പൊടിയാണെന്ന്
അവിടന്ന് അറിയുന്നുണ്ടല്ലോ.

മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു:
വയലിലെ പുഷ്പംപോലെ അതു വിരിയുന്നു.

ചുടുകാറ്റടിക്കുമ്പോൾ അതു വാടിപ്പോകുന്നു:
അതുനിന്നിരുന്ന സ്ഥലംപോലും
കാലക്രമത്തിൽ അജ്ഞാതമായിത്തീരുന്നു.

കർത്താവിനെ സ്നേഹിക്കുന്നവരുടെമേൽ
അവിടത്തെ അനുഗ്രഹമുണ്ടായിരിക്കും.

(129) അഗാധത്തിൽനിന്നു ഞാൻ അങ്ങയെ വിളിക്കുന്നു:
കർത്താവേ എൻെറ ശബ്ദം കേൾക്കണമേ:
എൻെറ പ്രാർത്ഥന ചെവിക്കൊള്ളണമേ.

പാപങ്ങളെല്ലാം അങ്ങ് ഓർത്തിരുന്നാൽ
കർത്താവേ, ആർക്കു രക്ഷയുണ്ടാകും?

എന്തെന്നാൽ പാപത്തിൻെറ മോചനം
അങ്ങേ പക്കൽനിന്നാകുന്നുവല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു:
എൻെറ പ്രതീക്ഷ അവിടത്തെ വാഗ്ദാനത്തിലാകുന്നു.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, മരിച്ചവരെ കാരുണ്യപൂർവ്വം ഉയിർപ്പിച്ച്, അങ്ങയുടെ വലത്തുഭാഗത്തുനിർത്തണമേ, അങ്ങയെ പ്രസാദിപ്പിച്ച നീതിമാന്മാരോടുകൂടി അവർക്കും നിത്യഭാഗ്യം കല്പിച്ചരുളണമേ. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## ഗാനം

(കാൽത്ത)

മനായ് ഹാദേ.....)

കർമ്മി: കുരിശിൻപ്രഭയാലവനി നിറഞ്ഞു:
മാനവഹൃദയം പുളകമണിഞ്ഞു.

സമൂ: കൂരിരുളെല്ലാമുരുകിമറഞ്ഞു:
മൃതിയുടെ ഭരണം താണുതകർന്നു.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: മാലാഖാമാരാൽ സ്തുതിക്കപ്പെടുന്നവനും, മനുഷ്യരാൽ പുകഴ്ത്തപ്പെടുന്നവനുമായ കർത്താവേ, അങ്ങേ തിരുനാമം കീർത്തിക്കുവാനും, അങ്ങേ സ്തുതികൾ ആലപിക്കുവാനുമായി മരിച്ചവരെ അങ്ങ് ഉയിർപ്പിക്കണമേ. എന്തെന്നാൽ അങ്ങ് ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

സമൂ: ആമ്മേൻ.

## ഗാനം

(ഓനീസ)

(ഹന്താനവ്ശേ....അംകൊലഹോൻ.....)

സമൂഹം രണ്ടു ഗണമായി പാടുന്നു.

"നിൻെറ ദാസൻെറ ആത്മാവിനെ
സന്തോഷിപ്പിക്കണമേ"
നൃപനാം മിശിഹാകർത്താവേ,
അഴലും മരണവുമില്ലാതെ
ജീവൻ വിളയും രാജ്യത്തിൽ
വാനവനിരയൊടു ചേർന്നെന്നും
ആനന്ദത്തൊടു വാണിടുവാൻ
ദാസന്മാരിൽക്കനിയേണം

"കർത്താവു വലിയവനും സ്തുത്യർഹനുമാകുന്നു"

ആദിപിതാവാമാദത്തെ
സൃഷ്ടിച്ചവനാം ദൈവത്തിൽ
ആശ്രയമഖിലമണയ്ക്കുന്നു:
മർത്ത്യനു ശരണം നീയല്ലോ:
ലോകം വ്യർത്ഥം; സകലേശാ,
ഞങ്ങൾക്കരുളുക നവജീവൻ.

"വാഗ്ദാനങ്ങളിൽ കർത്താവു വിശ്വസ്തനാകുന്നു"

വിലപിക്കരുതേ മരണത്തിൽ:
പുനരുത്ഥാനം വരുമല്ലോ:
അരുൾചെയ്തില്ലേ തിരുനാഥൻ
"ദൃഢമായെന്നിൽ വിശ്വാസം
നിക്ഷേപിക്കും മനുജനു ഞാൻ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

അന്തിമദിവസമുയിർപ്പേകും"

"നീതിമാൻ വിജ്ഞാനം പ്രസംഗിക്കുന്നു"

പൌലോസിൻ തിരുവാക്യങ്ങൾ
ശാന്തിനിനക്കു പകർന്നിടും
"മർത്യനമർത്യതപുണരുന്നു.
ക്ഷയമുള്ളോനക്ഷയനാകും:
മർത്യതയേവം സകലേശൻ
നിതരാം നൂതനമാക്കുന്നു.

"ചിറകുവിടർത്തി അവരെ സ്വീകരിക്കുന്നു"

അംബരവീഥിയിലഖിലേശൻ
മിശിഹാരാജനെഴുന്നള്ളും
പരിശുദ്ധന്മാരണിയണിയായ്
വരവേല്പിന്നു നിരന്നീടും
ആനന്ദത്തിൻ മണിയറയിൽ
നിത്യം വാണിടുമവരെല്ലാം.

"അവൻ എനിക്കു കയ്പുള്ള ഭക്ഷണം തന്നു"

പറുദീസായിൽക്കനിനീട്ടി
വൃക്ഷം മർത്യനു മൃതിയേകി:
ഗാഗുൽത്തായിൽ കൈനീട്ടി
കുരിശാ മർത്യനുയിർപ്പേകി:
മിശിഹാനാഥൻ മരണത്താൽ
മരണത്തിന്മേൽ ജയമാർന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

നൃപനാം മിശിഹാ കർത്താവേ,
വാഴ്ത്തിപ്പാടി നമിക്കുന്നേൻ:
വിശ്വത്തിൻെറ വിധാതാവേ,
നൽകണമേ പുനരുത്ഥാനം:



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

പരിശുദ്ധന്മാർ വാഴുമിടം
ചേർക്കണമിവരെയുമഖിലേശാ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ദാസന്മാർ വിചാരത്താലും വചനത്താലും പ്രവൃത്തിയാലും ചെയ്ത പാപങ്ങളെല്ലാം പൊറുത്ത് ശുദ്ധീകരണ സ്ഥലത്തുനിന്ന് അവരെ മോചിപ്പിക്കയും, നീതിമാന്മാർ വസിക്കുന്ന സ്വർഗ്ഗരാജ്യത്തിലേയ്ക്ക് അവരെ പ്രവേശിപ്പിക്കയും ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## സങ്കീർത്തനം (13)

(ശൂബാഹ)

ശുശ്രൂ: കർത്താവേ, എത്രകാലം അങ്ങ് എന്നെ വിസ്മരിക്കും?
എത്രനാൾ അങ്ങേമുഖം എന്നിൽനിന്നു മറച്ചുവയ്ക്കും?

സമൂഹം രണ്ടു ഗണമായി തുടരുന്നു.

കർത്താവേ...

എത്രനാൾ എന്റെ ആത്മാവു വേദനിക്കയും,
എന്റെ ഹൃദയം ദുഃഖിക്കയും ചെയ്യണം?

എത്രനാൾ എന്റെ ശത്രുക്കൾ
എന്റെമേൽ ഉയർന്നുനില്ക്കും?

എന്റെ ദൈവമായ കർത്താവേ,
അങ്ങുന്ന് എന്നെ കടാക്ഷിക്കണമേ.

എന്റെ പ്രാർത്ഥന കേൾക്കുകയും
എനിക്കുത്തരമരുളുകയും ചെയ്യണമേ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

മരണനിദ്രയിൽ മുഴുകാതെ

എൻെറ മിഴികളെ പ്രകാശിപ്പിക്കണമെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## സ്തുതിഗീതം

(തെശ്ബോഹത്ത)

മരണത്താലേ മരണത്തിന്മേൽ
വിജയം നേടിയ ദൈവകുമാരാ,

മരണമടഞ്ഞവരാശയൊടങ്ങേ
ക്കരുണയിലഭയം തേടിവരുന്നു.

കർത്താവേ, നിൻദിവ്യശരീരം
കൈക്കൊണ്ടവരെ കൈവെടിയല്ലേ.

വാനവർ വാഴും പറുദീസായുടെ
വാതിലവർക്കു തുറന്നരുളേണം.

സിദ്ധന്മാരുടെ നിരയിൽച്ചിതമായ്
മുദ്രിതമാകണമവരുടെ നാമം.

നിത്യപിതാവിനു കീർത്തനമെന്നും
സുതനും പരിശുദ്ധാത്മാവിന്നും.

## വേദപുസ്തകവായന

(ലേഖനം)

ശുശ്രൂ: വിശുദ്ധ പൗലോസ് ശ്ലീഹാ കൊറിന്ത്യാക്കാർക്കെഴുതിയ ലേഖനം (I കൊറി, 15:35-57).

മരിച്ചവർ എങ്ങനെ ഉയിർക്കുമെന്നും, ഉയിർക്കുമ്പോൾ അവരുടെ ശരീരം എങ്ങനെയുള്ളതായിരിക്കുമെന്നും നിങ്ങൾ ചോദിച്ചേക്കാം. എന്നാൽ

marggam
Digital Library of Christianity in India
www.marggam.com

അവയെല്ലാം ബുദ്ധിശൂന്യമായ ചോദ്യങ്ങളാണ്. വിതച്ച വിത്തു മുളയ്ക്കണമെങ്കിൽ ആദ്യം അത് ദ്രവിച്ചുപോകണം. വിതച്ച സാധനമല്ല മുളച്ചുപൊങ്ങിവരുന്നത്. നീ വിതയ്ക്കുന്നതു ഗോതമ്പിൻെറയോ മറ്റു വല്ല ധാന്യത്തിൻെറയോ വിത്തു മാത്രമാണ്. എന്നാൽ ദൈവം തൻെറ നിശ്ചയമനുസരിച്ച് അതിന് ഒരു ശരീരം അഥവാ തണ്ടു പ്രദാനം ചെയ്യുന്നു. ഓരോ വിത്തുകൾക്കും അവയ്ക്കിണങ്ങിയ തണ്ടുകൾ നൽകപ്പെടുന്നു.

ശരീരമെല്ലാം ഒരുപോലെയല്ല: മനുഷ്യശരീരമുണ്ട്: മൃഗങ്ങളുടെ ശരീരമുണ്ട്; പക്ഷികളുടെ ശരീരമുണ്ട്: മത്സ്യങ്ങളുടെ ശരീരമുണ്ട്. ഇവ കൂടാതെ സ്വർഗ്ഗീയശരീരങ്ങളുണ്ട്: ഭൗമികശരീരങ്ങളുണ്ട്: അവയുടെ ഭംഗിക്കും വ്യത്യാസമുണ്ട്.

സൂര്യൻെറ പ്രകാശമൊന്ന്: ചന്ദ്രൻെറ പ്രകാശം മറ്റൊന്ന്: നക്ഷത്രത്തിൻെറ പ്രകാശം അതിൽനിന്നെല്ലാം ഭിന്നമാണ്. ഒരു നക്ഷത്രത്തിൻെറ പ്രകാശവും മറ്റൊരു നക്ഷത്രത്തിൻെറ പ്രകാശവും തമ്മിലും വ്യത്യാസമുണ്ട്.

ഉയിർപ്പിൻെറ കാര്യവും ഇങ്ങനെതന്നെയാണ്. വിതച്ചത് നശ്വരമാണ് ഉയിർക്കുന്നത് അനശ്വരവും. വിതച്ചത് അവമാനം; ഉയിർക്കുന്നത് മഹത്വം. വിതച്ചതു ബലഹീനത: ഉയിർക്കുന്നതു ശക്തി. വിതച്ചതു ഭൗമികശരീരം. ഉയിർക്കുന്നത് ആത്മീയശരീരം. എന്തെന്നാൽ ഭൗമികശരീരമുണ്ടെങ്കിൽ ആത്മീയശരീരവുമുണ്ട്.

ഈ നശ്വരശരീരം അനശ്വരമായിത്തീരും: മരണമുള്ള ശരീരം മരണമില്ലാത്തതാകും. അങ്ങനെ നശ്വര ശരീരം മരണമില്ലാത്തതാകും. അങ്ങനെ നശ്വര ശരീരം അനശ്വരമായും മരണമുള്ളത് മരണമില്ലാത്തതായും തീരുമ്പോൾ വിശുദ്ധഗ്രന്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്ന ഈ വാക്യങ്ങൾ നിറവേറും: "മരണത്തെ വിജയം വിഴുങ്ങിക്കളഞ്ഞു: മരണമേ, നിൻെറ വിജയമെവിടെ? നിൻെറ ദംശനമെവിടെ?, മരണത്തിൻെറ ദംശനമെന്നു പറഞ്ഞാൽ പാപമെന്നു നാം മനസ്സിലാക്കണം. പാപത്തിനു ശക്തി ലഭിക്കുന്നതു നിയമത്തിൽ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

നിന്നാണ്. നമ്മുടെ കർത്താവീശോ മിശിഹാവഴി നമുക്കു വിജയം നൽകിയ ദൈവത്തോടു നന്ദിപറയാം.

സമൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: കർത്താവേ, അങ്ങ് ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാകുന്നു. ഞങ്ങളുടെ ജീവന്റെ കാരണവും ആത്മാവിന്റെ പ്രതീക്ഷയും അങ്ങുന്ന് ആകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ

## പ്രാർത്ഥനാഗീതം

(മദ്രാശ)

(ബ്ഹദ്മിൻ യൗമ്മിൻ....)

കർമ്മി: മരണമടഞ്ഞവരാദരവായ്നിൻ
കരുണയിലഭയം തേടിവരുന്നു
നാകംചേരാൻ വരമരുളേണം.

സമൂ: മരണ...

കർമ്മി: അവനിയൊടന്തിമയാത്ര പറഞ്ഞു:
വിരവൊടുനയനം മങ്ങിയടഞ്ഞു:
കൂരിരുളെങ്ങും തിങ്ങിനിറഞ്ഞു.

സമൂ: മരണ...

കർമ്മി: മൃതിയുടെ ചുംബനമേറ്റുതളർന്നു:
ജീവിതമൊന്നായ്വീണു തകർന്നു:
നിൻകരമല്ലോ ശാന്തി പകർന്നു.

സമൂ: മരണ...



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

## കാറോസൂസ

ശുശ്രൂ: നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടെനിന്നു മരിച്ചവിശ്വാസികളുടെ ആത്മാവുകൾക്കു നിത്യഭാഗ്യം കല്പിച്ചരുളുവാൻ ദൈവത്തോടു പ്രാർത്ഥിക്കാം.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: അനന്തമായ സ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കയും അതുല്യമായ കൃപയാൽ ഞങ്ങളെ രക്ഷിക്കയും ചെയ്ത മിശിഹായേ: ശുദ്ധീകരണ സ്ഥലത്തിൽ വേദനയനുഭവിക്കുന്ന മരിച്ച വിശ്വാസികളുടെ ആത്മാവുകളെ നിത്യരാജ്യത്തിലേയ്ക്കു സ്വീകരിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: അങ്ങയുടെ തിരുശ്ശരീരത്താലും രക്തത്താലും പരിപുഷ്ടരായ ഈ ആത്മാക്കളുടെ കടങ്ങളും പാപങ്ങളും പൊറുത്ത് അവർക്കു മോചനം നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: ജീവിതകാലത്ത് അവർ ചെയ്തിട്ടുള്ള സൽകൃത്യങ്ങളും ദാനധർമ്മങ്ങളും വിനീതമായ പ്രാർത്ഥനകളും പരിഗണിച്ച് അവർക്കു മോചനം നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: ലാസറിന്റെ മരണത്തിൽ കണ്ണുനീർചിന്തി വിലപിച്ച സ്നേഹസമ്പന്നനായ കർത്താവേ, ദുഃഖിതരെ ആശ്വസിപ്പിക്കുകയും തടവുകാരെ മോചിപ്പക്കയും ചെയ്യണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: "നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ പ്രവേശിക്കുമെന്ന് നല്ല കള്ളനോട് അരുളിചെയ്ത കർത്താവേ, മരിച്ച വിശ്വാസികളുടെ ശിക്ഷയെല്ലാം ഇളവുചെയ്ത് സ്വർഗ്ഗത്തിലേയ്ക്ക് അവരെ പ്രവേശിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂ: അത്ഭുതകരമായ ഉത്ഥാനംവഴി മനുഷ്യവർഗ്ഗത്തെ ആനന്ദിപ്പിച്ച ലോകരക്ഷകനായ കർത്താവേ, അങ്ങേ മഹത്വത്തിന്റെ പ്രഭയാൽ ഈ ആത്മാക്കളെ പ്രകാശിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: കാരുണ്യവാനും, മനുഷ്യവംശത്തിന്റെ രക്ഷകനുമായ കർത്താവേ, അഭേദ്യമായ അങ്ങേ കല്പന അനുസരിച്ച് ലോകത്തിൽനിന്നു വേർപിരിഞ്ഞുപോയ എല്ലാ വിശ്വാസികളുടെയും, പ്രത്യേകമായി ഈ ഇടവകയിൽ (ആശ്രമത്തിൽ,...) വച്ചു മരിച്ചവരുടേയും ആത്മാക്കളെ വിശുദ്ധരുടെ സമൂഹത്തിലേയ്ക്കു പ്രവേശിപ്പിക്കണമേ. ഞങ്ങൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥന നിഷ്കളങ്കനായ ആബേലിന്റെ ബലിപോലെയും, കുറ്റവും കുറവുമില്ലാത്ത നോഹിന്റെ കാഴ്ചകൾപോലെയും, വിധവയുടെ കൊച്ചുകാശുപോലെയും സന്തോഷപൂർവ്വം അങ്ങു സ്വീകരിക്കേണമേ. അങ്ങയെ പ്രസാദിപ്പിച്ച നീതിമാന്മാരോടുകൂടെ സ്വർഗ്ഗത്തിൽ നിത്യാനന്ദമനുഭവിക്കുവാൻ അവരെ അർഹരാക്കുകയും ചെയ്യണമെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

സമൂ: ആമ്മേൻ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

## പ്രഭാതപ്രാർത്ഥന

(സപ്ര)

കുർബാന കഴിഞ്ഞു പള്ളിയുടെ നടുവിൽ എസ്കിയുടെ രണ്ടു വശത്തുമായി നിന്നുകൊണ്ട് ആരംഭിക്കുന്നു.

കർമ്മി: പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ. .

സമൂ: ആമ്മേൻ.

കർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂ: ആമ്മേൻ.

കർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

സമൂ:ആമ്മേൻ.

കർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ. (സമൂഹവുംകൂടി) അങ്ങയുടെ നാമം പൂജിതമാകണമെ, അങ്ങയുടെ രാജ്യം വരണമെ. അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ.

അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമെ. ഞങ്ങളോടു തെറ്റുചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമെ: ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ.

എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമെ, അങ്ങയുടെ പൈതൃകമായ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

പരിപാലനയെ ഞങ്ങൾ സ്തുതിച്ചാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങു ഞങ്ങളെ മരണവിധേയരാക്കുകയും, അക്ഷയമായ നവജീവൻ നല്കി ഞങ്ങളുടെ ശരീരങ്ങളെ മഹത്വമണിയിക്കുകയും ചെയ്യുന്നു. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## സങ്കീർത്തനം (102)

ശുശ്രൂ: കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമെ: എന്റെ അപേക്ഷ അങ്ങേ പക്കലെത്തട്ടെ.

സമൂഹം രണ്ടുഗണമായി തുടരുന്നു

കർത്താവേ......

എന്റെ ക്ലേശകാലത്തു മുഖംമറയ്ക്കരുതേ:
ഞാൻ അങ്ങയെ വിളിക്കുമ്പോൾ
എന്നെ ചെവിക്കൊള്ളണമെ.

എന്റെ ജീവിതം നിഴൽപോലെ മാഞ്ഞുപോകുന്നു:
പുല്ലുപോലെ ഞാൻ വാടിപ്പോകുന്നു.

എന്നാൽ കർത്താവേ, അങ്ങു നിത്യനാകുന്നു:
എല്ലാത്തലമുറയും അങ്ങയെ അനുസ്മരിക്കും.

അത്യുന്നതമായ സ്വർഗ്ഗത്തിൽനിന്നു
കർത്താവു ഭൂമിയെ കടാക്ഷിച്ചു.

തടവുകാരുടെ നിലവിളികേൾക്കുകയും
മരണത്തിനു വിധിക്കപ്പെട്ടവരെയെല്ലാം
അവിടന്നു മോചിക്കയും ചെയ്യും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: പാപിനിക്കു പൊറുതികൊടുത്ത് അവളെ വിശുദ്ധീകരിച്ച കർത്താവേ, അങ്ങയുടെ അനന്തമായ കാരുണ്യത്താൽ മരിച്ചവരെ വിശുദ്ധീകരിക്കണമെ. മാലാഖമാരോടുകൂടി സ്വർഗ്ഗത്തിൽ അങ്ങയെ പാടി സ്തുതിക്കുവാൻ അവരെ അർഹരാക്കണമെ. ജീവന്റെയും മരണത്തിന്റെയും നാഥാ, എന്നേയ്ക്കും.

സമൂ: ആമ്മേൻ.

## സങ്കീർത്തനം (39)

ശുശ്രൂ: എന്റെ ജീവിതം എത്ര ചുരുങ്ങിയതാകുന്നു! അതു എത്ര ക്ഷണികമാണെന്ന് ഞാൻ ഗ്രഹിച്ചു.

സമൂഹം രണ്ടുഗണമായി തുടരുന്നു

എന്റെ ജീവിതം.......

എന്റെ ദിവസങ്ങൾ എത്ര പരിമിതങ്ങളാകുന്നു!
എന്റെ ജീവിതം അങ്ങേത്തിരുമുമ്പിൽ
എത്ര നിസ്സാരവുമാകുന്നു!

ജീവിതം നിഴൽപോലെ കടന്നുപോകുന്നു:
മനുഷ്യനോ ഭൂമിയിൽ നിക്ഷേപം കൂട്ടുന്നു:
അതു ആർക്കുവേണ്ടിയാണെന്ന് അവൻ ചിന്തിക്കുന്നില്ല

കർത്താവേ, അങ്ങ് അല്ലാതെ ആരെനിക്കാശ്രയം?
തിന്മയിൽനിന്ന് എന്നെ രക്ഷിക്കണമേ.

എല്ലാം അങ്ങേ പ്രവൃത്തിയാകയാൽ
ഞാൻ മൗനമവലംബിച്ചു.

എന്റെ ശിക്ഷ ഇളച്ചുതരണമേ:
ഇനിയും എന്നെ പ്രഹരിക്കരുതേ.

marggam
Digital Library of Christianity in India
www.marggam.com

പാപത്തിനുള്ള ശിക്ഷയേറ്റ്
ഞാൻ വളരെ ക്ഷീണിച്ചു.
കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമെ:
എന്റെ നിലവിളി ചെവിക്കൊള്ളണമെ.
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമെ. അനന്തവും അഗ്രാഹ്യവുമായ അങ്ങയുടെ കാരുണ്യത്തെ ഓർത്തു സൃഷ്ടികളെല്ലാം അങ്ങയെ സ്തുതിക്കുവാനും ആരാധിക്കുവാനും കടപ്പെട്ടിരിക്കുന്നു. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## (ലാകുമാറ)

(തുയെ...)

കർമ്മി: സർവ്വാധിപനാം കർത്താവേ,
നിന്നെവണങ്ങി നമിക്കുന്നു:
ഈശോനാഥാ, വിനയമൊടേ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

സമൂ: മർത്യനു നിത്യമനോഹരമാ-
മുത്ഥാനം നീയരുളുന്നു:
അക്ഷയമവനുടെയാത്മാവി- ന്നുത്തമരക്ഷയുമേകുന്നു.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: അനാദിയായ ദൈവമേ ഉന്നതനായ രാജാവേ, അങ്ങു



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു, അങ്ങയെ ഞങ്ങൾ ആരാധിക്കയും പുകഴ്ത്തുകയും ചെയ്യുന്നു. ജീവൻെറയും മരണത്തിൻെറയും നാഥാ, എന്നേയ്ക്കും.

സമൂ: ആമ്മേൻ.

## അനുതാപസങ്കീർത്തനം (51)

ശു:ശ്രു: ദൈവമേ, എന്നോടു കരുണതോന്നണമേ:
ദയാപൂർവ്വം എൻെറ പാപങ്ങൾ മായിച്ചുകളയണമേ.

സമൂഹം രണ്ടുഗണമായി തുടരുന്നു

ദൈവമേ....

എൻെറ അപരാധങ്ങൾ കഴുകിക്കളയുകയും
തെറ്റുകൾ തുടച്ചുമാറ്റുകയും ചെയ്യണമേ..

എന്തെന്നാൽ എൻെറ പാപങ്ങൾ ഞാനറിയുന്നു:
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

അങ്ങേയ്ക്കെതിരായി ഞാൻ പാപം ചെയ്തുപോയി:
അങ്ങേ സന്നിധിയിൽ ഞാൻ തിന്മ പ്രവർത്തിച്ചു.

അങ്ങേ വചനങ്ങൾ നീതിയുക്തമാകുന്നു:
അങ്ങേ വിധികൾ വിജയിക്കുകയും ചെയ്യും.

ഞാൻ പാപത്തോടുകൂടെ ജനിച്ചിരിക്കുന്നു:
എൻെറ ഉത്ഭവം തന്നെ തിന്മയിലാകുന്നു.

അങ്ങു സത്യവാനാണല്ലോ:
അങ്ങേ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ
എന്നെയും പഠിപ്പിക്കണമേ.

പരിമളതൈലംകൊണ്ട് എന്നെ തളിക്കണമേ:
ഞാൻ ശുദ്ധിയുള്ളവനാകട്ടെ.

അതിൽ എന്നെ കഴുകണമേ:
ഞാൻ മഞ്ഞിനെക്കാൾ നിർമ്മലനാകട്ടെ

അങ്ങേ സന്തോഷം എനിക്കു നല്കണമെ:
ഞാൻ അതിൽ ആനന്ദംകൊള്ളട്ടെ.

എന്റെ പാപങ്ങളിൽനിന്നു മുഖംതിരിക്കണമേ:
എന്റെ അപരാധങ്ങൾ മായിച്ചു കളയണമേ.

നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ:
എന്റെ മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ.

അങ്ങേ തിരുസ്സന്നിധിയിൽനിന്ന്
എന്നെ ഒരിക്കലും തള്ളിക്കളയരുതേ.

അങ്ങേ പരിശുദ്ധാത്മാവിനെ
എന്നിൽനിന്ന് എടുത്തുകളയരുതേ

അങ്ങേ സഹായത്തിനു വീണ്ടും ഞാൻ അർഹനാകട്ടെ:
അങ്ങേ ചൈതന്യം എന്നെ താങ്ങിനിർത്തട്ടെ.

ദുഷ്ടരെ ഞാൻ അങ്ങയുടെ വഴി പഠിപ്പിക്കും:
പാപികൾ അങ്ങേ പക്കലേയ്ക്കു പിന്തിരിയും.

നീതിമാനായ ദൈവമേ, എന്നെ രക്ഷിക്കണമേ
ഞാൻ അങ്ങേ പക്കലേക്കു പിന്തിരിയും

നീതിമാനായ ദൈവമേ, എന്നെ രക്ഷിക്കണമേ.
ഞാൻ അങ്ങേ നന്മയെ പ്രകീർത്തിക്കട്ടെ

കർത്താവേ, എന്റെ അധരങ്ങൾ തുറക്കണമേ:
അവ അങ്ങേ സ്തുതികൾ ഉരുവിടട്ടെ

എന്തെന്നാൽ ബലി അങ്ങുന്ന് ആഗ്രഹിക്കുന്നില്ല:
ഹോമബലികൾ അങ്ങ് സ്വീകരിക്കയുമില്ല.

പശ്ചാത്തപിക്കുന്ന എൻെറ ഹൃദയം
അങ്ങേയ്ക്കുഞാൻ അർപ്പിക്കുന്നു.
തകർന്ന ഒരു ഹൃദയത്തെ ദൈവം നിരസിക്കയില്ല.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## സ്തുഗീതം

(തെശ്ബൊഹത്താ)

ഉലകിൻ നാഥാ, സവിനയമങ്ങേ-
യ്ക്കുദയാരാധനയർപ്പിക്കുന്നു.

മനുജനുതുണയും രക്ഷയുമേകാൻ
നരനായ് വന്നുപിറന്ന മഹേശാ,

മാനവനൂഴിയിലഭയം നീതാ-
നനുതാപികളുടെ പരമാശ്രയവും

സവിധമണഞ്ഞു വിളിച്ചിടുമങ്ങേ
സുതരുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

നിരവധിയാമെൻ വിനകളശേഷം
കഴുകണമങ്ങേ ദിവ്യനിണത്താൽ.

നരപരിപാലകനങ്ങേയ്ക്കെന്നും
സ്തുതിയും കീർത്തനമാരാധനയും.

## പ്രാർത്ഥന

(സ്ലോസാ)

കർമ്മി: മനുഷ്യവർഗ്ഗത്തിൻെറ ശരണവും, സമാധാനത്തിൻെറ തുറമുഖവുമായ മിശിഹായേ, ഞങ്ങളുടെ ജീവിതകാലംമുഴുവൻ അങ്ങയെ സ്തുതിക്കുവാൻവേണ്ടി അങ്ങയുടെ ശാന്തിയും സമാധാനവും ഞങ്ങൾക്കു

നൽകണമേ. സകലത്തിന്റെയും നാഥാ, എന്നേയ്ക്കും

സമൂ: ആമ്മേൻ.

ശുശ്രൂ : നമുക്ക് സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം.

സമൂ: സർവ്വേശാ, നീ പരിശുദ്ധൻ
ബലവാനേ, നീ പരിശുദ്ധൻ
നിത്യനമർത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: കർത്താവേ, അങ്ങേനാമം പരിശുദ്ധമാകുന്നു; നല്ലവനേ അങ്ങേ കാരുണ്യം അനന്തമാകുന്നു. അങ്ങയെ വിളിച്ചപേക്ഷിക്കുന്ന പാപികളായ ഞങ്ങളുടെമേൽ അങ്ങയുടെ അനുഗ്രഹം വർഷിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## ഗാനം 1

(ഓനീസ)

എല്ലാവരും ഇരുന്നുകൊണ്ട് രണ്ടുഗണമായി പാടുന്നു. (ഗാനത്തിന്റെ ആശയം - മരിച്ചുപോയ ഒരാൾ ജീവിച്ചിരിക്കുന്നവരോട് യാത്രപറയുന്നതായും, അവരുടെ പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുന്നതായും സങ്കല്പിക്കുന്നു.).

സൂചന: തുടർച്ചയായി രണ്ടുഗാനങ്ങൾ കൊടുത്തിരിക്കുന്നതിൽ ഒന്നു പാടിയാലും മതി.

(പുശ്ബശ്ലാമ്മാ.....)

''എന്റെ സഹോദരരേ ഞാനിപ്പോൾ നിങ്ങളോടു യാത്രപറയുന്നു: നിങ്ങൾ

എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ''.

വിടവാങ്ങുന്നേൻ നശ്വരമൂലകിൽ
വിട്ടുതിയെനിക്കായ് നൽകിയവസതീ,
പരിശുദ്ധന്മാർ പരമാനന്ദം
നുകരുമിടത്തിൽപ്പോകുന്നു ഞാൻ.

''അവയെല്ലാം കടന്നുപോകുന്നു''

ശാശ്വതഭാഗ്യം നരനരുളീടാൻ
കഴിവില്ലാത്തോരെൻ പാർപ്പിടമേ,
പ്രഭയുടെ നാട്ടിൽ നിത്യവിരുന്നി-
ന്നണയട്ടേ ഞാൻ അന്തിമയാത്ര.

'എന്നും എന്നെയ്ക്കും''

സഹജന്മാരേ, സ്നേഹിതഗണമേ,
യാത്രയിതാ. ഞാൻ ചോദിക്കുന്നു:
നിങ്ങളെനിക്കായ്ചെയ്തതിനെല്ലാം
മിശിഹാനാഥൻ പ്രതിഫലമേകും.

''എന്റെ പ്രാർത്ഥന നിന്റെ പക്കലെത്തട്ടെ''

പ്രാർത്ഥിപ്പതിനായ്പ്പരിപാവനമാം
ദൈവികഭവനം പൂകുന്നേരം
സ്നേഹാർദ്രതയാർന്നെൻപ്രിയജനമേ,
അനുദിനമലിവോടോർക്കണമെന്നെ.

''ഭൂമിയിൽ അവർ വിലപിക്കുന്നു''

ആഡംബരവും പ്രൗഢിയുമെല്ലാം
നാശോന്മുഖമായി നിഷ്പ്രഭമാകും:
പോകുന്നുഞാൻ ലയമിയലാത്തോ-
രുന്നതമോർശ്ലം പ്രാപിപ്പതിനായ്.

''നീ എന്നും നിലനിൽക്കുന്നു''

പോയ് മറയുന്നി ക്ഷണഭംഗുരമാം
ലോകവുമതിലേ ഇന്ദ്രികാശകളും
അക്ഷയരാജ്യം നേടാനുതകും
നിക്ഷേപങ്ങൾ കരുതുക നമ്മൾ.

"അവനെത്തേടി; കണ്ടെത്തിയില്ല"

ദുഷ്ടത കൂടിവാണഴുകി നശിക്കും
ലോകമിതെന്നിൽ ഭീതിയുണർത്തി;
ഓടിപ്പോയ് ഞാൻ ജീവൻ പകരും
കുരിശിനെ വിരവോടാശ്ലേഷിച്ചു.

"നിന്റെ കരുണ എന്നെയറിയിക്കണമേ"

"ശാന്തിയിൽ മകളേ, പൊയ്ക്കൊള്ളുക, നിൻ
പാപത്തിനു ഞാൻ മാപ്പേകുന്നു".
പാപിനിയോടായ്ക്കല്പിച്ചതുപോ-
ലെന്നോടുമിപ്പോൾ കല്പിക്കണമേ.

"കാഹളമൂതി അവനെ പ്രകീർത്തിക്കുവിൻ"

ദൂതർവിളിക്കും കാഹളനാദം
വിധിനാളുയരും മോഹനഗാനം
അതുകേട്ടുണരും മൃതരെല്ലാരും
ത്രിത്വത്തിന്നായ്ക്കീർത്തനമോതും.

"സ്വർഗ്ഗം ഭൂമിയിലിറങ്ങി"

ആദത്തിന്നും സന്തതികൾക്കും
പറുദീസായിൽ പുനരധിവാസം
നൽകുന്നതിനായ് സ്വർഗ്ഗംതന്നെ
ഭൂവിലിറങ്ങി മഹിതാത്ഭുതമേ.

"വിശുദ്ധർക്ക് അന്ധകാരത്തിൽ പ്രകാശമുദിച്ചു"

വിധിയുടെ ദിവസം മിശിഹാരാജൻ

marggam
Digital Library of Christianity in India
www.marggam.com

വിണ്ണിൽ വരുമ്പോൾ മൃതരെഴുന്നേൽക്കും:
ജീവിപ്പവരോ, വിസ്മയകരമായ്
രൂപാന്തരവും പ്രാപിച്ചീടും.

"നിന്റെ കരുണ ഞങ്ങളെ അനുഗ്രഹിക്കട്ടെ"

പരിശുദ്ധന്മാരെഎതിരേൽപിനുവ-
ന്നംബരമദ്ധ്യേ നിരചേരുന്നു:
സ്നേഹിതരേ, ഞാനവരുടെയണിയിൽ
ചേരുന്നതിനായ് പ്രാർത്ഥിക്കണമേ.

"നിന്റെ അരൂപിയെ അയയ്ക്കുക അവ സൃഷ്ടിക്കപ്പെടും"

മിശിഹാനാഥാ, പാപികളെല്ലാം
നിൻകല്പനയാലുത്ഥിതരായി:
ഇരുളുനിറഞ്ഞോരവനിയിലെങ്ങും
തിരുവുത്ഥാനം ദീപ്തിപരത്തി.

"ധനികരും ദരിദ്രരും"

മൃതിയുടെ പൊതുവാം പാതയിലല്ലോ
നീങ്ങുന്നുലകിൽ മാനവരെല്ലാം:
ധനികന്മാരും നിസ്സ്വരുമൊപ്പം
പ്രതിഫലമതിനായ് പായുന്നനിശം
("അവൻ ചിറകുവിരിച്ചു പറന്നുവന്നു")
ദൈവികദൂതൻ ധരയിലിറങ്ങി
കന്യാംബികതൻ സവിധമണഞ്ഞു:
മനുജനു ശരണം ശാന്തിയുമരുളും
തിരുസന്ദേശം മേരിക്കേകി.

"നീയവർക്കു പാനീയം കൊടുത്തു"

പൈദാഹത്താൽ വലയം ധരതൻ
നീരുറവകളേ, ശ്ലീഹന്മാരേ,
നിങ്ങളുണയ്ക്കും പ്രാർത്ഥനയെന്നും



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

നൽകണമഭയം ഞങ്ങൾക്കുലകിൽ

## ഗാനം 2

അന്തൃവിധിയെപ്പറ്റി അനുസരിക്കയും
മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(ഏറമർമാക്...... മൽക്കാമിശിഹാ......)

''കാഹളമൂതി പ്രകീർത്തിക്കുവിൻ''

കാഹളനാദം കേൾക്കുമ്പോൾ
ഉണരുന്നു മൃതരൊന്നാകെ
ബാവാ പുത്രൻ റൂഹായ്ക്കും
കീർത്തനഗാനം പാടുന്നു.

''രോഗങ്ങൾ അവൻ സുഖമാക്കും''

നാശത്തിൽ നിന്നാദാമിൻ
സുതരെയുയർത്തിയ തിരുസുനോ
ജീവനെനിക്കുപകർന്നു വലം-
ഭാഗമണച്ചു നിർത്തണമേ.

''അവിടുന്ന് എന്നെ രക്ഷിച്ചു''

മർത്യഗണത്തിനു മൃത്യുവിൽനി-
ന്നരിയവിമോചനമരുളീടാൻ
തൻപ്രിയ സുതനെ നിയോഗിച്ചോൻ
ദൈവം നിത്യസമാരാധ്യൻ.

''ദൈവത്തിൽ ഞാൻ സന്തോഷിക്കും''

പാവനമാകും കുരിശിനെയി-
ന്നഭയംതേടുന്നവരെല്ലാം
അക്ഷയമുന്നതമഹിമാവിൻ
നിക്ഷേപത്തിനുടമകളാം

''വരുവിൻ കർത്താവിനെ വാഴ്ത്താം''

വരുവിൻ മൃതിയേ മൃതിയാലേ
വിജയിച്ചവനേ വാഴ്ത്തീടാം
പുനരുത്ഥാനം നൽകുന്നോ-
നാരാധനയും കീർത്തനവും.

''എല്ലാവരും നിന്നെപ്പാർത്തിരിക്കുന്നു''

അദ്ധ്വാനത്തിനു സമ്മാനം
നേടാൻ നാഥാ, മൃതരെല്ലാം
നിന്നുടെയാഗമദിനവും കാ-
ത്തക്ഷമരായിക്കഴിയുന്നു.

''നിന്റെ ശോഭയിൽ ഞങ്ങൾ പ്രകാശം കാണുന്നു''

വാരൊളിചൂഴ്ന്നുവിരാജിക്കും
സിദ്ധരെനോക്കിനിരാശന്മാർ
പാപികൾ പറയും: കർത്താവേ,
നിൻവിധി സത്യം. ന്യായവുമാം.''

''ദൈവകല്പന അവർ നിരസിച്ചു''

ആദിപിതാവാമാദത്തിൻ
പാപംമൂലം ഭൂലോകം
മൃതിയുടെ പിടിയിലമർന്നഴലിൻ
നടുവിൽത്താണു നരവംശം

''ദൈവമേ നീ സുസ്ത്യർഹനാകുന്നു''

മിശിഹാ രണ്ടാമാദമിതാ,
മരണംമൂലം മരണത്തെ
വിജയിച്ചോടുവിലുയിർത്തപ്പോൾ
മർത്ത്യനു ശരണം കൈവന്നു.

''നീതിയുടെ വാതിൽ തുറക്കണമേ''

marggam
Digital Library of Christianity in India
www.marggam.com

പശ്ചാത്താപം കൊള്ളുകയാൽ
കള്ളനുമാപ്പുകൊടുത്തല്ലോ;
നാഥാ, പാപികൾ ഞങ്ങൾക്കായ്
കൃപയുടെ വാതിൽ തുറക്കണമേ.

"അവർ ആനന്ദകീർത്തനങ്ങൾ പാടും"

മൃതരാം നരരുടെ പാപങ്ങൾ
മായ്ക്കണമേ നിൻ കൃപയാലേ:
മാമ്മോദീസാവഴിയങ്ങേ
സുതാരാണവരെന്നോർക്കണമേ.

"അവന്റെ സന്തോഷത്തിൽ അവരാനന്ദിക്കും"

കർത്താവേ, നിൻശോണിതവും
ദിവ്യശരീരവുമറിവോടേ
ഉൾക്കൊണ്ടവരാം നിൻസുതരെ
നിത്യവിരുന്നിൽച്ചേർക്കണമേ.

"ആദിമുതലുള്ളവയെല്ലാം"

തെളിവായെന്നുടെ നാഥാ, നിൻ
തിരുമിഴിയെല്ലാം കാണുന്നു:
നിരവധിയാമെൻ പാപങ്ങൾ
നിരയായെണ്ണിവിധിക്കല്ലേ.

"അവൻ നിന്റെ നാഥനാകുന്നു"

ദൈവത്തിൻതിരുമാതാവേ,
കന്യാമേരി, ഞങ്ങൾക്കായ്
പ്രാർത്ഥിക്കണമേ സുതനൊടുനീ
ദൈവാനുഗ്രഹമെന്നെന്നും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

ഇരുളിൽ മുങ്ങിയ ഹൃദയങ്ങൾ
വിശ്വാസത്തിൻ പ്രഭയാലേ
ഉജ്ജ്വലമാക്കിയ സകലേശാ,
വാഴ്ത്തിപ്പാടിനമിക്കുന്നു.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

ആരാധകരുടെയർത്ഥനകൾ
നിൻതിരുസന്നിധിയണയട്ടെ:
ദുഷ്ടപിശാചിൻ വഞ്ചനകൾ
നാഥാ, ഞങ്ങൾ തകർക്കട്ടെ.

സൂചന: ത്രിത്വസ്തുതി തുടങ്ങുമ്പോൾ എല്ലാവരും എഴുന്നേൽക്കുന്നു.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: കർത്താവേ അങ്ങയുടെ കാരുണ്യം ഞങ്ങളെ അനുഗ്രമിക്കുയും, അങ്ങയുടെ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യട്ടെ. മഹനീയമായ അങ്ങേ ത്രിത്വത്തിന്റെ അനുഗ്രഹം ഞങ്ങളെ സഹായിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

കർമ്മി: കർത്താവേ, അങ്ങുന്ന് ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാകുന്നു. ഞങ്ങളുടെ ജീവന്റെകാരണവും ആത്മാവിന്റെ പ്രത്യാശയും അങ്ങ് ആകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ഗാനം

(മദ്‌രാശ)

(കമ്പെൽമാറൻ.......)

കർമ്മി: കൈക്കൊള്ളണമേ, ഹൃദയംഗമമാം
വിശ്വാസമോടേ ദാസൻചെയ്യും
ബലിയെൻ നാഥാ, തിരുസ്സന്നിധിയിൽ.

സമൂ: കൈക്കൊള്ളണമേ......

കർമ്മി: പൂർവ്വന്മാരാ നോഹ്, അബ്രാഹം
ഇസഹാക്ക്, യാക്കോബ് മഹിതാശയർതൻ
പരിപാവനമാം ബലികൾപോലെ.

സമൂ: കൈക്കൊള്ളണമേ......

കർമ്മി: പുരവത്സലരാം ശ്ലീഹരുമൊരുപോൽ
വിനയാന്വിതരായ്ത്തിരുസ്സന്നിധിയിൽ
ചെയ്തൊരുനവമാം ബലിപോൽ നാഥാ.

സമൂ: കൈക്കൊള്ളണമേ......

സൂചന: ഗാനത്തിനിടയിൽ പുരോഹിതൻ പതിവുപോലെ ഏസ്തിയുടെ ചുറ്റും നടന്നു വെഞ്ചരിച്ച പനിനീർ തളിക്കുകയും, ധൂപിക്കയും ചെയ്യുന്നു. പള്ളിയിൽ കബറിടങ്ങളുണ്ടെങ്കിൽ അവിടെയും അങ്ങനെചെയ്യണം.

## സുവിശേഷം

കർമ്മി: വിശുദ്ധ മത്തായി എഴുതിയ നമ്മുടെ
കർത്താവീശോമിശിഹായുടെ സുവിശേഷം (1).

സമൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കർമ്മി: മനുഷ്യപുത്രൻ മഹത്വത്തോടുകൂടി തന്റെ പരിശുദ്ധദൂതന്മാരുമായി വന്നു മഹത്വത്തിന്റെ സിംഹാസനത്തി

marggam
Digital Library of Christianity in India
www.marggam.com

ലിരിക്കുമ്പോൾ സകല ജനങ്ങളും അവിടത്തെ മുമ്പിൽ കൂട്ടപ്പെടും. ആട്ടിടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ അവിടുന്ന് അവരെ വേർതിരിക്കുകയും, ചെമ്മരയാടുകളെ തൻെറ വലത്തുഭാഗത്തും, കോലാടുകളെ തൻെറ ഇടുത്തുഭാഗത്തും നിറുത്തുകയും ചെയ്യും.

രാജാവ് അപ്പോൾ വലത്തുഭാഗത്തുള്ളവരോട് ഇങ്ങനെ അരുളിച്ചെയ്യും: നിൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ: ലോകാരംഭംമുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം കൈവശപ്പെടുത്തുവിൻ. എന്തുകൊണ്ടെന്നാൽ എനിക്കു വിശന്നപ്പോൾ നിങ്ങൾ എനിക്കു ഭക്ഷണം തന്നു: ദാഹിച്ചപ്പോൾ കുടിക്കുവാൻ തന്നു:. ഞാൻ പരദേശിയായിരുന്നപ്പോൾ നിങ്ങളെന്നെ സ്വീകരിച്ചു: നഗ്നനായിരുന്നപ്പോൾ വസ്ത്രം തന്നു: രോഗിയായിരുന്നപ്പോൾ ആശ്വസിപ്പിച്ചു: കാരാഗൃഹത്തിലായിരുന്നപ്പോൾ നിങ്ങൾ എന്നെ സന്ദർശിക്കുയും ചെയ്തു.''

അപ്പോൾ ആ നീതിമാന്മാർ അവിടുത്തോട് ഇങ്ങനെ ചോദിക്കും: ''കർത്താവേ, അങ്ങയെ വിശന്നിരിക്കുന്നവനായികണ്ടു ഞങ്ങൾ അങ്ങേയ്ക്കു ഭക്ഷണം തന്നതും, ദാഹിച്ചിരിക്കുന്നവനായിക്കണ്ടു കുടിക്കാൻ തന്നതും, എപ്പോഴാണ്? പരദേശിയായി കണ്ടു അങ്ങയെ സ്വീകരിച്ചതും, നഗ്നനായിക്കണ്ടു വസ്ത്രം തന്നതും, രോഗിയായിട്ടോ കാരാഗൃഹത്തിലോ കണ്ടു ഞങ്ങൾ അങ്ങയെ സന്ദർശിച്ചതും എപ്പോൾ''.

രാജാവ് ഇപ്രകാരം മറുപടിപറയും: ''ചെറിയവരായ എൻെറ സഹോദരരിൽ ആർക്കെങ്കിലും നിങ്ങൾ അങ്ങനെ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു ചെയ്തതെന്നു സത്യമായി ഞാൻ നിങ്ങളോടുപറയുന്നു.''

പിന്നെ അവിടുന്ന് തൻെറ ഇടത്തുഭാഗത്തുള്ളവരോട് ഇങ്ങനെ അരുളിച്ചെയ്യും: ''ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നെവിട്ടു പിശാചിനു അവൻെറ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ. എന്തുകൊണ്ടെന്നാൽ എനിക്കു വിശന്നപ്പോൾ നിങ്ങൾ എനിക്കു ഭക്ഷണം തന്നില്ല: ദാഹിച്ചപ്പോൾ കുടിക്കുവാൻ തന്നില്ല: ഞാൻ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

നഗ്നനായിരുന്നപ്പോൾ വസ്ത്രം തന്നില്ല: രോഗിയായിരുന്നപ്പോഴും കാരാഗൃഹത്തിൽ ആയിരുന്നപ്പോഴും നിങ്ങൾ എന്നെ സന്ദർശിച്ചില്ല.''

അപ്പോൾ ആ ദുഷ്ടന്മാർ അവിടുത്തോടു ചോദിക്കും; ''കർത്താവേ, എപ്പോഴാണ് അങ്ങയെ വിശക്കുന്നവനോ, ദാഹിക്കുന്നവനോ, നഗ്നനോ, രോഗിയോ പരദേശിയോ, കാരാഗൃഹവാസിയോ ആയിക്കണ്ടു ഞങ്ങൾ പരിചരിക്കാതിരുന്നത്?.''

അവിടുന്ന് അവരോട് ഇങ്ങനെ മുറുപടി പറയും: ''ചെറിയവരായ ഇവരിൽ ആർക്കെങ്കിലും നിങ്ങൾ അങ്ങനെ ചെയ്യാതിരുന്നപ്പോൾ എനിക്കുതന്നെയാണു നിങ്ങൾ ചെയ്യാതിരുന്നതെന്നു സത്യാമായി ഞാൻ നിങ്ങളോടു പറയുന്നു.

അനന്തരം ദുഷ്ടന്മാർ നിത്യശിക്ഷയുടെ സ്ഥലത്തേയ്ക്കും നീതിമാന്മാർ നിത്യജീവൻെറ നാട്ടിലേയ്ക്കും പ്രവേശിക്കും.

സമൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(പ്രസംഗം (പതിവുണ്ടെങ്കിൽ)

ശുശ്രൂ: എൻെറ സഹോദരരേ, നമ്മെ സൃഷ്ടിക്കയും, മരണവിധേയരാക്കുകയും, മരണശേഷം ഉയിർപ്പിച്ച്, അക്ഷയരാക്കുകയും ചെയ്യുന്ന ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ.

## ഗാനം

(ബു യാ ആ)

സമൂഹം ഇരുന്നുകൊണ്ടു രണ്ടു ഗണമായി പാടുന്നു.

(ലാതെക്റേലാക്.......)

1. വയലിൽപ്പൂലരും പുൽക്കൊടിപോലെ
ജീവിതമിളയിൽ
ഓർത്തോർത്തിനിയും നൈരാശ്യമൊടേ
വിലപിക്കരുതേ.

2. സ്ഫുടമായ് കേൾക്കാം പുനരുത്ഥാനം

marggam
Digital Library of Christianity in India
www.marggam.com

നവജീവിതവും
അറിയിച്ചയരും സുവിശേഷത്തിൻ തിരുസ്സന്ദേശം.

3. വാഗ്ദാനങ്ങൾ തിങ്ങിമുഴങ്ങും
കാഹളനാദം
ആകാശത്തിൻ സീമകളെല്ലാം
മുഖരിതമാക്കും.

4. "തിരുലിഖിതങ്ങൾ വായിച്ചവതൻ
വ്യാഖ്യാനങ്ങൾ
ശരിയായ് നൽകാൻ നിങ്ങൾക്കിനിയും
കഴിവില്ലേതും."

5. "സ്ത്രീ പുരുഷന്മാരന്തരമിയലാ-
തുത്ഥാനത്തിൽ
സ്വർഗ്ഗംതന്നിൽ ദൂതർകണക്കേ
രാജിക്കുന്നു" (1)

6. മൃതനായ് മിശിഹാ മൂന്നാദിവസം
ജീവൻനേടി
ഭീകരമൃതിതൻ ചങ്ങലയേവം
പൊട്ടിനുറുങ്ങി.

7. മൃതിയുടെ കൊടുതാം കോട്ടകളെല്ലാം
തട്ടിനിരത്തി
നാഥൻ നവമായുത്ഥാനത്തിൻ
പാത തുറന്നു.

8. സ്വർഗ്ഗമണഞ്ഞോരജസൂതനിനിയും
ജയലാളിതനായ്
വരുമീധരയിൽ കുരിശിൻ പ്രഭയാൽ
പരിവേഷ്ടിതനായ്.

9. ആകാശത്തിൽ ദൂതന്മാരും
ധരമേൽ നരരും



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

അക്ഷമരായ് നിൻ ആഗമദിവസം
കാത്തുകഴിപ്പൂ.

10. വീട്ടെജമാനൻ പ്രതിഫലമേകാ-
നെത്തും ദിവസം
വേഗം പുലരാൻ ഭൃത്യഗണങ്ങൾ
നോക്കിയിരിപ്പൂ.

11. മണവാളൻവന്നെത്തും നേരം
മണവറചേരാൻ
തിരികൾതെളിച്ചാക്കന്യാമണികൾ
കാത്തുകഴിപ്പൂ.

12. നിശ്ചഞ്ചലരായ് ദൂതന്മാരും
തിരുസ്സന്നിധിയിൽ
ആദരപൂർവ്വം കാഹളമൂതാൻ
അണിനിൽക്കുന്നു.

13. 'ഓശാന' കളാലെതിരേല്പിതിനായ്
പരിശുദ്ധന്മാർ
ആകാശത്തിൻ മണിവാതിൽക്കൽ
നിലകൊള്ളുന്നു.

14. മരണത്താലേ വിജയമണിഞ്ഞോ-
രുന്നതനൃപനായ്
പരിമളമുതിരും പുഷ്പകിരീടം
നിർമ്മിക്കുന്നു.

15. സുകൃതസുമങ്ങൾ ചാർത്തിയൊരുങ്ങി
സമലംകൃതരായ്
വരുവിൻ, വരുവിൻ, നൃപനേമുറപോൽ
എതിരേല്പതിനായ്.

എല്ലാവരും എഴുന്നേൽക്കുന്നു

marggam
Digital Library of Christianity in India
www.marggam.com

ശുശ്രൂ: കർത്താവേ, അങ്ങേ ദാസരുടെ ആത്മാക്കളെ നീതിമാന്മാരുടെ രാജ്യത്തിലേയ്ക്കു പ്രവേശിപ്പിക്കണമേ.

സമൂ: അവർക്കു നിത്യാശ്വാസം കല്പിച്ചരുളുകയും ചെയ്യണമേ.

## സിമിത്തേരിയിലേയ്ക്കു പ്രദക്ഷിണം

താഴെക്കാണുന്ന പാട്ടുപാടികൊണ്ട് എല്ലാവരും സിമിത്തേരിയിലേയ്ക്കു പോകുന്നു.

സൂചന: സിമിത്തേരിയിലേയ്ക്കു പോകുന്നില്ലെങ്കിൽ പള്ളിയിൽതന്നെ നിന്നുകൊണ്ട് ബാക്കിഭാഗം പൂർത്തിയാക്കുന്നു.

### ഗാനം

(തൂയൈ.....)

1. അന്തിമദിവസമടുക്കുമ്പോൾ
അംബരമിളകി വിറയ്ക്കുമ്പോൾ
വെളിവിൻ കതിരുകൾ മാഞ്ഞടിയും;
കരിനിഴൽതിങ്ങി വളർന്നുയരും.

2. കതിരോൻ മങ്ങിപ്പൊലിയുന്നു:
പനിമതിയിരുളിൽത്താഴുന്നു:
താരകൾ വീണുനുറുങ്ങുന്നു:
പാരിടമൊന്നായുരുകുന്നു.

3. ഉലകിൻ തൂണുകളുലയുന്നു:
മലയും മരുവും പുകയുന്നു:
കരയും കടലും മറയുന്നു:
കൂരിരുളെങ്ങും നിറയുന്നു.

4. ഉറവകൾ വറ്റിയുണങ്ങുന്നു:
നദികൾ വരണ്ടുനിലയ്ക്കുന്നു:
ജീവികൾ വീണുമരിക്കുന്നു:



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

വിജനതയെങ്ങും പടരുന്നു.

5. വിധിയുടെ സമയമടുക്കുന്നു:
വിണ്ണിൻവാതിൽ തുറക്കുന്നു:
വാനവനിരയാലനുഗതനായ്
ദൈവകുമാരനിറങ്ങുന്നു.

6. കാഹളവിളികൾ മുഴങ്ങുന്നു:
മരണമടഞ്ഞവരുണരുന്നു:
പരിശുദ്ധന്മാരണിയണിയായ്
സന്നിധിചേർന്നു വണങ്ങുന്നു.

7. നിരയായ് വിണ്ണിൽ നിലകൊള്ളും.
വത്സലസുതരെക്കാണുമ്പോൾ
ആനന്ദത്താലാദത്തിൻ
നയനം പൂങ്കതിരണിയുന്നു.

8. നീതിവിധിക്കായ് ദൈവസുതൻ
മേഘരഥത്തിലിരിക്കുന്നു:
നരരുടെ ചെയ്തികളൊന്നൊന്നായ്.
ത്തൂക്കിയളന്നു വിധിക്കുന്നു.

9. ആനന്ദത്തിൻ ജയവിളിയും
നൈരാശ്യത്തിൻ നിലവിളിയും.
ചേർന്നു കലർന്നു മുഴങ്ങുന്നു:
വിധിയുടെ നിസ്തുലനിമിഷങ്ങൾ!

10. സുകൃതികളൊത്തു മഹോന്നതനാം
സുരലോകത്തിൻ നാഥനിതാ,
നിത്യമനോഹരനാകത്തിൻ
വാതിൽ തുറന്നകമണയുന്നു.

11. ഭീതികലർന്നു നിരാശതയിൽ
പാപികൾ വിങ്ങിക്കരയുമ്പോൾ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

നിർദ്ദയമുയരും നരകത്തിൻ
ജ്വാലകളവരെ വിഴുങ്ങുന്നു.

12. കരുണാനിധിയാം കർത്താവേ,
നിന്നുടെയാഗമദിവസത്തിൽ
പരിശുദ്ധന്മാരൊത്തു വലം-
ഭാഗത്തെന്നെ നിറുത്തണമേ.

ആവശ്യമെങ്കിൽ ആവർത്തിച്ചുപാടാം.
സിമിത്തേരിയിലെത്തുമ്പോൾ പുരോഹിതൻ
താഴെകാണുന്ന പ്രാർത്ഥന ചൊല്ലുന്നു.

കർമ്മി: മരിച്ചവരെ ഉയർപ്പിക്കുന്നവനും, അവർക്ക് നിത്യാശ്വാസം നൽകുന്നവനുമായ കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കയും പുകഴ്ത്തുകയും ചെയ്യുന്നു. ജീവൻെറയും മരണത്തിൻെറയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## പ്രാർത്ഥനാഗീതം

(മദ്‌രാശ)

(ലാ തെക്റേലാക്....)

കർമ്മി: ഉന്നതനൃപനാം മിശിഹാനാഥാ
മൃതരെല്ലാരും
മിന്നിവിളങ്ങും വദനമോടുണരാൻ
വരമരുളേണം.

സമൂ: ഉന്നതനൃപനാം.......

കർമ്മി: വിധിയുടെനാളിൽ വിജയപ്രഭയിൽ
വിണ്ടലമെങ്ങും
പൊങ്ങിമുഴങ്ങും കാഹളനാദം
പൂജിതമല്ലോ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

സമൂ: ഉന്നതനൃപനാം......

കർമ്മി: അന്ത്യമെഴാത്തോരവികലമോദം
നുകരാൻ മൃതരേ
ചേർക്കുമഴകിൻ മഹിമാവൊഴുകും
മണവറയിങ്കൽ.

സമൂ: ഉന്നതനൃപനാം.....

സൂചന: ഗാനത്തിനിടയിൽ പുരോഹിതൻ സിമിത്തേരിയിലെ കബറിടങ്ങളിൽ വെഞ്ചരിച്ച പനിനീർ തളിക്കയും. ധൂപിക്കയും ചെയ്യുന്നു.

പള്ളിയിൽവച്ച് നടത്തുമ്പോൾ തളിക്കലും ധൂപിക്കലും ആവശ്യമില്ല.

## സങ്കീർത്തനം (129)

ശുശ്രൂ: അഗാധത്തിൽനിന്നു ഞാൻ അങ്ങയെ വിളിക്കുന്നു:
കർത്താവേ എൻെറ ശബ്ദം കേൾക്കണമേ:
എൻെറ പ്രാർത്ഥന ചെവിക്കൊള്ളണമേ.

സമൂഹം രണ്ടുഗണമായി തുടരുന്നു.

സമൂ: അഗാധത്തിൽ.......

പാപങ്ങളെല്ലാം അങ്ങ് ഓർത്തിരുന്നാൽ
കർത്താവേ, ആർക്കു രക്ഷയുണ്ടാകും?
എന്തെന്നാൽ പാപങ്ങളുടെ മോചനം
അങ്ങേപക്കൽനിന്നാകുന്നുവല്ലോ.
കർത്താവിൽ ഞാൻ ശരണപ്പെടുന്നു:
എൻെറ പ്രതീക്ഷ അവിടത്തെ വാഗ്ദാനത്തിലാകുന്നു.
പ്രഭാതം കാത്തിരിക്കുന്ന കാവൽക്കാരേപ്പോലെ
ഞാൻ അങ്ങയെ കാത്തിരിക്കുന്നു;
ഇസ്രായേലും അങ്ങയെ കാത്തിരിക്കുന്നു.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

അവിടന്നു കരുണയുള്ളവനാണല്ലോ:
പൂർണ്ണമായ രക്ഷയും അവിടത്തെ പക്കലാകുന്നു.
അവിടുന്ന് ഇസ്രായേലിനെ
അവരുടെ പാപങ്ങളിൽനിന്നെല്ലാം രക്ഷിക്കും.
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## പ്രാർത്ഥന

(സ്ലോസ)

കർമ്മി: നീതിമാനും നല്ലവനും കരുണാനിധിയുമായ കർത്താവേ, അങ്ങയുടെ നാമം പരിശുദ്ധമാകുന്നു. അങ്ങയെവിളിച്ചപേക്ഷിക്കുന്നവരിൽ അങ്ങയുടെ സ്നേഹം മാധുര്യം വർഷിക്കണമേ. ആപത്തുകളിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കയും സ്നേഹം നിറഞ്ഞ അങ്ങേപരിപാലനയുടെ തണലിൽ ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## സഹായാഭ്യർത്ഥന

(ഉദറാന)

കർമ്മി: കർത്താവേ, അങ്ങേ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയും അനന്തമായ അനുഗ്രഹവും നിരന്തരമായ സഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെയും, മാർയൗസേപ്പിന്റെയും സകല വിശുദ്ധരുടെയും സുകൃതങ്ങളും പ്രാത്ഥനകളും പരിഗണിച്ചു മരിച്ച വിശ്വാസികളുടെ ആത്മാവുകൾക്കു പാപപ്പൊറുതിയും നിത്യാനന്ദവും പ്രദാനംചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

## സമാപനപ്രാർത്ഥന

(ഹുത്താമ്മ)

കർമ്മി: കാരുണ്യവാനും മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനുമായ കർത്താവേ, അഭേദ്യമായ അങ്ങേ കലപ്നയനുസരിച്ചു ലോകത്തിൽനിന്നു വേർപിരിഞ്ഞുപോയ എല്ലാവിശ്വാസികളുടെയും, പ്രത്യേകമായി ഈ ഇടവകയിൽ (ആശ്രമത്തിൽ......) വച്ചു മരിച്ചവരുടെയും ആത്മാക്കളെ വിശുദ്ധരുടെ സമൂഹത്തിലേയ്ക്കു പ്രവേശിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവസാന ദിവസം മഹത്വത്തോടെ ഉയിർത്തെഴുന്നെറ്റു വിശുദ്ധന്മാരോടുകൂടെ അണിനിരക്കുവാനും അങ്ങയെ അനുഗ്രഹിക്കണമേ. ഈ തിരുക്കർമ്മങ്ങളിൽ സംബ ന്ധിച്ച എല്ലാവരെയും സമൃദ്ധമായി അനുഗ്രഹി ക്കണമേ. ഇപ്പോഴും X എപ്പോഴും എന്നേയ്ക്കും

സമൂ: ആമ്മേൻ.

കുരിശോ ഊറാറയോ മുത്തിയശേഷം എല്ലാവരും പിരിയുന്നു.

O



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

## പ്രത്യേക ശ്രദ്ധയ്ക്ക്

C.M.I സന്യാസ സഭാംഗമായിരുന്ന യശഃശരീരനായ ബഹു. ആബേലച്ചൻ രചിച്ചതും പ്രസിദ്ധീകരിച്ചതുമായ എല്ലാ ആത്മീയ ഗ്രന്ഥങ്ങളുടെയും പകർപ്പവകാശവും പുനഃപ്രസിദ്ധീകരണവും അദ്ദേഹം അംഗമായിരുന്ന C.M.I സഭയുടെ കോട്ടയം സെന്റ് ജോസഫ് പ്രൊവിൻസിന് മാത്രമായിരിക്കുമെന്നും പ്രൊവിൻസിന്റെ സ്ഥാപനമായ ദീപിക ബുക്കു ഹൗസ് വഴിയായിരിക്കും പുസ്തകങ്ങളുടെ എല്ലാ വിതരണമെന്നും സ്നേഹപൂർവം അറിയിക്കുന്നു. ആബേലച്ചന്റെ പുസ്തകം ആവശ്യമുള്ളവർ കോട്ടയം പ്രൊവിൻഷ്യൽ ഹൗസുമായോ (Ph: 0481 - 2566485), ദീപിക ബുക്കുഹൗസുമായോ (Ph: 0481 - 2564547) ബന്ധപ്പെടേണ്ടതാണ്. ആബേലച്ചന്റെ ഗ്രന്ഥങ്ങളിലെ പ്രാർത്ഥനകളും, ഗാനങ്ങളും പൂർണമായോ ഭാഗീകമായോ മറ്റാരും പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ല. അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

സ്നേഹപൂർവം

ഫാ. ജോസഫ് വടക്കൻ CMI
പ്രൊവിൻഷ്യൽ.

## ബഹു. ആബേലച്ചന്റെ പുസ്തകങ്ങളുടെ ലിസ്റ്റ്

1. മരിച്ചവരുടെ തിരുക്കർമ്മങ്ങൾ 2. വിശുദ്ധവാര കർമ്മങ്ങൾ 3. കുരിശിന്റെ വഴി 4. തിരുമണിക്കൂർ ആരാധന 5. മതപഠനം ഗാനങ്ങളിലൂടെ 6. കൂദാശകൾ 7. വെഞ്ചരിപ്പുകൾ 8. മൃതസംസ്കാര കർമ്മം - സന്യാസിനീ സന്യാസിമാർക്ക് 9. സംഗീത സുവിശേഷം 10. ദേവാലയ പ്രതിഷ്ഠ 11. മൃതസംസ്കാരം - വൈദികരുടെയും മെത്രാന്മാരുടെയും 12. കാനോന നമസ്കാരം പ്രഭാത പ്രാർത്ഥന 13. കാനോന നമസ്കാരം 1, 2, 3 പുസ്തകം 14. ഫാ. ആബേലിന്റെ ഭക്തിഗാനങ്ങൾ 15. വർഷാരംഭ പ്രാർത്ഥന, വർഷാവസാന പ്രാർത്ഥന, ക്രിസ്തുമസ് രാത്രി 16. തിരുനാൾ കർമ്മങ്ങൾ 17. മരിച്ചവരുടെ ഓർമ്മ.

***For Copies:***
**Fr. Provincial, C.M.I Provincial House, Kottayam - 686 001**
**The Manager, Deepika Book House, Sastri Road, Kottayam -1**

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi
Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org